വീതം നിലവിലുള്ള 606 പഠനവീടുകൾക്കായി മൊത്തം 60.6 ലക്ഷം രൂപയും പുതിയ പഠനവീടുകൾക്കായി 15000 രൂപ വീതം 639 പഠനവീടുകൾക്കായി മൊത്തം 95.85 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ മൈനോറിറ്റി എഡ്യൂക്കേഷൻ ഇന്റർവെൻഷൻ പ്രകാരം നിലവിലുള്ള പഠനവീടുകൾക്കായി 10000 രൂപ നിരക്കിൽ 162 പഠനവീടുകൾക്കായി 16.20 ലക്ഷം രൂപയും പുതിയ പഠനവീടുകൾക്കായി 15000 രൂപ നിരക്കിൽ 373 എണ്ണത്തിന് 55.95 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

ബദൽ വിദ്യാലയങ്ങളുടെ പ്രവർത്തനത്തിനായി 2010-11 വാർഷിക പദ്ധതിയിൽ 85.91 ലക്ഷം രൂപ 2010 ജൂൺ വരെ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

26 (*566) ശ്രീ. ആർ. സെൽവരാജ് :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത് ;

(ബി) പ്രിന്റിംഗ്, റിപ്രോഗ്രാഫിക് എന്നിവയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) റിപ്രോഗ്രാഫിക് സെന്ററിന് കൂടുതൽ സ്ഥലങ്ങലിൽ സബ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) റിപ്രോഗ്രാഫിക് സെന്ററിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ താഴെക്കൊടുത്തിരിക്കുന്ന വിപുലീകരണ പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത്.

1. മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുക ;
2. സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;
3. മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷൻ ആരംഭിക്കുക ;

LIBRARY ARCHIVES Kerala Legislative Assembly

4. കമ്പ്യൂട്ടർ സ്റ്റേഷനറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക ;

5. ബ്രയിൽ പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;

6. ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;

7. വെബ് ഓഫ്സെറ്റ് മെഷീൻ മന്ദിരം നിർമ്മിക്കുക ;

8. വിവിധ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക ;

(ബി) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ താഴെക്കൊടുത്തിരിക്കുന്ന പ്രിന്റിംഗ്, റിപ്രോഗ്രാഫിക് കോഴ്സുകൾ നടത്തുന്നുണ്ട്.

1. സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി-1 വർഷം ;

2. ഡിപ്ലോമ ഇൻ മൾട്ടീമീഡിയ-1 വർഷം ;

3. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്കിംഗ്-1 വർഷം ;

4. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ-1 വർഷം ;

5. അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ്-6 മാസം ;

6. ഡിപ്ലോമ ഇൻ പ്രൊഫഷണൽ ഗ്രാഫിക് ഡിസൈനിംഗ്-6 മാസം ;

7. കമ്പ്യൂട്ടർ ആന്റ് ഡി.റ്റി.പി. ഓപ്പറേഷൻ -6 മാസം ;

8. അഡ്വാൻസ്ഡ് മൾട്ടിമീഡിയ-4 മാസം ;

9. കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ്വർക്കിംഗ് -4 മാസം ;

10. ഡിജിറ്റൽ വീഡിയോഗ്രാഫി ആന്റ് നോൺ ലീനിയൽ വീഡിയോ എഡിറ്റിംഗ്-3 മാസം ;

11. മൊബൈൽ ഫോൺ സർവ്വീസിംഗ്-3 മാസം ;

12. ഡോട്ട്നെറ്റ് ടെക്നോളജി-3 മാസം ;

13. ട്രെയ്നിംഗ് ഇൻ ഡി.റ്റി.പി. -3 മാസം.

(സി) ഇല്ല.

(ഡി) 31-3-2009-ലെ ആഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട് പ്രകാരം 2008-09-ലെ ലാഭം 247.02 ലക്ഷം രൂപയും സഞ്ചിത നഷ്ടം 18.08 കോടി രൂപയുമാണ്. 2009-10-ലെ പ്രൊവിഷണൽ ലാഭം 397.64 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly